സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

12(701) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ലൈബ്രറി, ലബോറട്ടറി, ക്ലാസ് മുറികൾ എന്നിവയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കളിസ്ഥലങ്ങൾ വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ടോയ്ലെറ്റ് സൗകര്യം, കുടിവെള്ള വിതരണ സംവിധാനം എന്നിവ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഇ) അടുത്ത സ്കൂൾ വർഷം ആരംഭിക്കുന്നതിനുമുമ്പ് പൂർത്തിയാക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച് കാലേക്കൂട്ടി പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) 1994-ലെ പഞ്ചായത്ത് മാജ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സംസ്ഥാനത്തെ സർക്കാർ മേഖലയിലെ എൽ.പി./യു.പി. സ്കൂളുകളിലും ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂളുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, എസ്.എസ്.എ. ഫണ്ട് എന്നിവയുപയോഗിച്ച് ടോയ്ലറ്റ് സൗകര്യങ്ങൾ നടപ്പാക്കി വരുന്നു. കൂടാതെ എം.എൽ.എ/എം.പി. ഫണ്ട്/ എസ്.എസ്.എ., പി.റ്റി.എ., ശുചിത്വമിഷൻ സന്നദ്ധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സ്പോൺസർഷിപ്പ്, സുനാമി ഫണ്ട് എന്നിവ ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാറുണ്ട്. 2007 മുതൽ 2010 വരെയുള്ള കാലയളവിൽ അടിസ്ഥാന സൗകര്യവികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 11554.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ നടപ്പു സാമ്പത്തിക വർഷത്തിലും വരും വർഷങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും സർവ്വശിക്ഷ അഭിയാന്റെ പ്രോജക്ട് മുഖാന്തരവും എം.പി., എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും ഭരണീയ തലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്ന പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയും സർക്കാർ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ലൈബ്രറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ലബോറട്ടറി നവീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എ.ആർ.എം. എസ്.എ. എന്നീ ഏജൻസികളുടെ ഗ്രാന്റ് ഉപയോഗിച്ച് ലാബ് ലൈബ്രറി നവീകരണങ്ങൾ നടത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2007-08 കാലയളവിൽ ലാബ് നവീകരണത്തിന് 96 ലക്ഷം രൂപ പുതിയ സ്കൂളുകൾക്കും പഴയ സ്കൂളുകളിലെ പുതിയ കോഴ്സുകൾക്കും അനുവദിച്ചു. ഈ സാമ്പത്തിക വർഷം 2 കോടി രൂപ ചെലവഴിച്ച് പ്രിന്റിംഗ് ടെക്നോളജി ലാബും 84 ലക്ഷം രൂപ ചെലവഴിച്ച് ഫാർമെഡിക്കൽ ലാബും നവീകരിക്കുന്നതിന് നടപടി പൂർത്തിയായി വരുന്നു.

(സി) അതത് പ്രദേശത്തെ ആവശ്യകത കണക്കിലെടുത്ത് ഇതിലേക്ക് പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവിഷ്കരിക്കാവുന്നതാണ്.

(ഡി) കേന്ദ്ര ഗവൺമെന്റ് മാനദണ്ഡം അനുസരിച്ച് 120 കുട്ടികൾക്ക് ഒരു ടോയ്ലെറ്റും, 40 കുട്ടികൾക്ക് ഒരു യൂറിനലും ജലലഭ്യതയും ഉറപ്പുവരുത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ ടോയ്ലറ്റ്, യൂറിനൽ, ജലലഭ്യത എന്നിവയുടെ പൂർത്തീകരിക്കാത്ത പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ പദ്ധതി വിഹിതമായി അനുവദിക്കപ്പെട്ട 686 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 118 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടോയ്ലെറ്റ് നിർമ്മാണവും കുടിവെള്ള സൗകര്യം ഒരുക്കുന്ന ജോലിയും പുരോഗതിയിലാണ്. ഈ പദ്ധതി 31-3-2011-നുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് നടപടി

13(702) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഘട്ടംഘട്ടമായി ഒഴിവാക്കുന്നതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ള സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഈ ഉത്തരവ് എന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നത് ;

(സി) ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള സ്കൂളുകളിലെ എൽ.പി./യു.പി. ക്ലാസ്സുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ വിദ്യാഭ്യാസ ഓഫീസറും വെവ്വേറെ ഹെഡ്മാസ്റ്റർമാരുടെ കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly